# പതിമൂന്നാം കേരള നിയമസഭ

# രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3477

14.10.2011-ൽ മറുപടിക്ക്.

## സംയുക്ത പങ്കാളിത്ത മേഖലയിലെ വ്യവസായ പദ്ധതി നിർദ്ദേശങ്ങൾ

**ചോദ്യം**

ശ്രീ. എം.എ. ബേബി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എം. ഹംസ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :

(എ) സംസ്ഥാനത്ത് വൻതോതിൽ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന കേന്ദ്ര-സംസ്ഥാന പൊതു മേഖലയിലേയും സ്വകാര്യ മേഖലയിലേയും സംയുക്ത പങ്കാളിത്ത മേഖലയിലേയും വ്യവസായ പദ്ധതി നിർദ്ദേശങ്ങൾ ഏതൊക്കെയാ--ണെന്നും മുതൽമുടക്ക് എത്ര കോടി പ്രതീക്ഷിക്കുന്നുവെന്നും വിശദമാക്കാമോ ;

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി)

(എ) വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ, ടൂറിസം അടിസ്ഥാന സൗകര്യം, ഐ.ടി, ബയോടെക്നോളജി തുടങ്ങിയ നവീന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തികൊ--ണ്ടുള്ള വ്യവസായങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ, ഊർജ്ജ പദ്ധതികൾ, വ്യവസായ ഇടനാഴികൾ ഉൾപ്പെടുന്ന അടിസ്ഥാന സൗകര്യങ്ങൾ, ചരക്ക് നീക്കുന്നതിന് ഉപകാരപ്രദമാകുന്ന കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷനുകൾ, സർവ്വീസ് മേഖലകളിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഫിനാൻഷ്യൽ സർവ്വീസ് എന്നീ മേഖലകളിലാണ് പി.പി.പി പദ്ധതികൾ വിഭാവനം ചെയ്യുന്നത്. താഴെപ്പറയുന്ന അടിസ്ഥാന സൗകര്യ പദ്ധതികൾ പി.പി.പി മോഡലിൽ തയ്യാറാക്കുന്നുണ്ട്.

1) തിരുവനന്തപുരം വെയിലൂർ വില്ലേജിൽ ഏകദേശം 75 ഏക്കറിൽ (ഒന്നാം ഘട്ടം) അന്താരാഷ്ട്ര നിലവാരമുള്ള ജൈവശാസ്ത്രോദ്യാനം (ലൈഫ് സയൻസ് പാർക്ക്); മുതൽ മുടക്ക് - 500 കോടി രൂപ.
2) 34 ഏക്കറിൽ പാലക്കാട് സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ള ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രീയൽ പാർക്ക് - 400 കോടി രൂപ.
3) കൊച്ചി-കോയമ്പത്തൂർ ഇൻഡസ്ട്രീയൽ കോറിഡോർ - 12000 കോടി രൂപ.
4) കൊച്ചിയിൽ 334 ഏക്കറിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഇലക്ട്രോണിക് ഹബ്ബ് - 3000 കോടി രൂപ.

5) ഹൈ സ്പീഡ് റെയിൽ കോറിഡോർ - 70000 കോടി രൂപ.
6) പ്രകൃതി വാതകാധിഷ്ഠിതമായ അടിസ്ഥാന സൗകര്യ വികസനം - 5000 കോടി രൂപ.
7) വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, ഐ.ജി.സി, കണ്ണൂർ - 10 കോടി രൂപ.
8) ടൈറ്റാനിയം സ്പോഞ്ച് പദ്ധതി, കൊല്ലം - 3000 കോടി രൂപ.
9) ഇന്റഗ്രേറ്റഡ് കോക്കനട്ട് പാർക്ക്, കുറ്റിയാടി - 40 കോടി രൂപ.
10) കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 1200 മെഗാ വാട്ട് സ്ഥാപിത ശേഷിയുള്ള പ്രകൃതി വാതകാധിഷ്ഠിത വൈദ്യുത പദ്ധതി - 4756 കോടി രൂപ.

(ബി) ഈ പദ്ധതികൾ ഓരോന്നിനും ആവശ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ടോ ; ഏതെല്ലാം പദ്ധതികൾക്ക് ഭൂമി കണ്ടെത്തേണ്ടതായിട്ടുണ്ട് ; ഈ പദ്ധതികളുടെ ഭാഗമായിട്ടുള്ള പശ്ചാത്തല സൗകര്യങ്ങൾ എന്തൊക്കെയാണ് ; അതിനുള്ള എന്തെങ്കിലും പ്രവർത്തനങ്ങൾ ഈ സർക്കാരിന്റെ കാലത്ത് നടന്നിട്ടുണ്ടോ ;

(ബി) പ്രധാന പദ്ധതികൾക്കെല്ലാം തന്നെ ആവശ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഹൈ സ്പീഡ് റെയിൽ കോറിഡോറിന് ഭൂമി കണ്ടെത്തുവാനുണ്ട്.

(സി) ഈ പദ്ധതികൾ ഓരോന്നിന്റെയും നിർദ്ദേശങ്ങൾ ഏതെല്ലാം കാലം മുതൽ സംസ്ഥാനം പരിഗണിച്ചുവരുന്നതാണെന്നു വ്യക്തമാക്കുമോ ?

(സി) കഴിഞ്ഞ കുറെ വർഷങ്ങളായി പരിഗണിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ